LIBRARY ARCHIVES Kerala Legislative Assembly

ആശ്വാസകിരണം പദ്ധതി

329 (1803) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, തേനാക്കുഴി ചേറങ്ങോട്ട മലയിൽ സാവിത്രി അമ്മയെ രോഗശയ്യയിൽ പരിചരിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി ബിന്ദു കെ. സി. ആശ്വാസകിരണം പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് 2013 ആഗസ്റ്റ് മാസത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എന്ന് മുതൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ണികുളം ഗ്രാമപഞ്ചായത്ത് തേനാക്കുഴി ചേറങ്ങോട്ട മലയിൽ സാവിത്രി അമ്മയെ രോഗശയ്യയിൽ പരിചരിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി കെ. സി. ബിന്ദുവിന് 2013 ആഗസ്റ്റ് മാസം മുതലുള്ള കുടിശ്ശികയുൾപ്പെടെയുള്ള ആശ്വാസകിരണം പദ്ധതി ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രീമതി ബിന്ദു കെ. സി. യുടെ അപേക്ഷ പ്രകാരം ടിയാൾക്ക് 2013 ആഗസ്റ്റ് മാസം മുതൽ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

ആശ്വാസകിരണം പദ്ധതി

330 (1804) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾമൂലവും പ്രായാധിക്യംമൂലവും നൂറുശതമാനം അന്ധതമൂലവും ഒരു പരിചാരകന്റെ സേവനം ആവശ്യമായവിധം ശയ്യാവലംബരായവരെ പരിചരിക്കുന്ന പാവപ്പെട്ടവർക്ക് നൽകുന്ന ധനസഹായ പദ്ധതിയാണ്